പതിമൂന്നാം കേരള നിയമസഭ - എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3148 — 03/04/2013-ൽ മറുപടിയ്ക്ക്

# പച്ചക്കറി ക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>,, മോൻസ് ജോസഫ്<br>,, തോമസ് ഉണ്ണിയാടൻ<br>,, റ്റി . യു . കുരുവിള | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) പച്ചക്കറി ക്ഷാമം പരിഹരിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) സംസ്ഥാനത്തെ പച്ചക്കറി ക്ഷാമം പരിഹരിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷം പച്ചക്കറി വികസനത്തിനായി 62.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ വാണിജ്യ പച്ചക്കറി കൃഷി, സ്കൂളുകളിൽ പച്ചക്കറി തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കൽ, മട്ടുപ്പാവു കൃഷി, പച്ചക്കറി വിത്തുല്പാദനം, പ്രോജക്ട് അടിസ്ഥാനത്തിൽ നടത്തുന്ന ഹൈടെക് പച്ചക്കറി കൃഷി, തരിശുനില കൃഷി എന്നീ പദ്ധതികൾ നടപ്പാക്കുന്നു. സ്കൂളുകളിലെ പച്ചക്കറി കൃഷിക്കു പുറമേ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പഞ്ചായത്തു തലത്തിൽ കൃഷി ഭവൻ മുഖേന തെരഞ്ഞെടുത്ത വീടുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. കിഴങ്ങു വർഗ്ഗങ്ങളുടെ വികസനം പച്ചക്കറി വികസനവുമായി സംയോജിപ്പിച്ച് നടപ്പാക്കും.<br>ക്ലസ്റ്ററുകളിൽ അവശ്യം വേണ്ടുന്ന സാങ്കേതിക വിപണന സഹായത്തോടെ പോളി ഹൗസ്, ഓപ്പൺ ഹൈടെക് കൃഷി രീതികൾ എന്നിവ പ്രോത്സാഹിപ്പിക്കും. തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ ക്ലസ്റ്ററുകൾ മുഖേന ബ്ലോക്കു തല നഴ്സറികൾ സ്ഥാപിക്കും. ക്ലസ്റ്ററുകളിൽ സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പ്രദർശന യൂണിറ്റുകൾ സംഘടിപ്പിക്കും. ക്ലസ്റ്ററുകളെ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് ഏറ്റവും നല്ല ക്ലസ്റ്ററുകൾക്ക്, നഴ്സറികൾ, കളക്ഷൻ സെന്ററുകൾ പ്രീകൂളിംഗ് സെന്ററുകൾ, ഇൻപുട്ട് സപ്പോർട്ട് എന്നിവയ്ക്കായി പ്രത്യേക വികസന സഹായം നൽകും. ക്ലസ്റ്ററുകൾക്ക് റിവോൾവിംഗ് ഫണ്ടും അനുവദിക്കും. ക്ലസ്റ്ററുകളിൽ വിപണി കേന്ദ്രങ്ങളും |

വിത്തുല്പാദന കേന്ദ്രങ്ങളും സ്ഥാപിക്കുന്നതാണ്.

2013-14 പദ്ധതി ഘട്ടങ്ങൾ താഴെപറയുന്ന രീതിയിലായിരിക്കും.

| പച്ചക്കറി വികസനം | | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | വി.എഫ്.പി.സി.കെ. യ്ക്ക സഹായം | 600 |
| 2. | പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക | 500 |
| 3. | അർബൻ ക്ലസ്റ്റർ പ്രോത്സാഹനം | 600 |
| 4. | വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി | 300 |
| 5. | പരിശീലനവും പ്രചരണവും | 100 |
| 6. | ജില്ലാ ക്ലസ്റ്റർ വികസനം | 2,700 |
| 7. | സാങ്കേതിക സഹായവും കരാർ നിയമനവും | 50 |
| 8. | കേരള കാർഷിക സർവ്വകലാശാല | 50 |
| 9. | സീഡ് വെൻഡിംഗ് മെഷീനുകൾ | 50 |
| 10 | അവാർഡ് / ഇൻസെന്റീവ് | 50 |
| 11. | 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് വികസന സഹായം | 630 |
| 12 | മൈക്രോ ന്യൂട്രിയൻസിന്റെ ഡമോൺസ്ട്രേഷൻ | 100 |
| 13 | ഡോക്യുമെന്റേഷൻ | 40 |
| 14 | എക്സ്റ്റേണൽ മോണിറ്ററിംഗ് | 30 |
| 15 | ബ്ലോക്കുതല ഓർഗനൈസേഷൻസ് | 200 |
| 16 | കിഴങ്ങുവർഗ്ഗങ്ങളുടെ വികസനം | 150 |
| 17 | നഴ്സറികൾ സ്ഥാപിക്കുന്നതിന് | 75 |
| | ആകെ | 6.225 |

(ബി) പച്ചക്കറി കൃഷിക്കായി കർഷകർക്ക് പുതുതായി എന്തെല്ലാം സഹായങ്ങളും പ്രോത്സാഹനങ്ങളുമാണ് നൽകാൻ ഉദ്ദേശിക്കുന്നത് :

ബി) 2013-14 വർഷത്തിൽ മേൽ പ്രസ്താവിച്ച ആനുകൂല്യങ്ങൾ വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് അനുവദിക്കുന്നതാണ്. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ചില്ലറ വിൽപ്പന കേന്ദ്രങ്ങൾ, ഉന്തുവണ്ടികൾ, സഞ്ചരിക്കുന്ന വില്പന ശാലകൾ, കമ്മ്യൂണിറ്റി നഴ്സറികൾ, തരം തിരിക്കൽ പായ്ക്കിംഗ് ശാലകൾ, സങ്കരയിനം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ എന്നീ പദ്ധതികൾ പച്ചക്കറി കൃഷിക്കായി കർഷകർക്ക് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പച്ചക്കറിയുടെ സംഭരണവും വിപണനവും ഗുണനിലവാര പരിശോധനയും സംബന്ധിച്ച് പുതുതായി എന്തെങ്കിലും പദ്ധതി പരിഗണന യിൽ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ ?

സി) കൃഷി വകുപ്പിന്റെ കീഴിലുള്ള മൊത്തവ്യാപാര വിപണികളിൽ കർഷകരിൽ നിന്നുള്ള പച്ചക്കറികളും മറ്റു കാർഷികോല്പന്നങ്ങളും നേരിട്ട് സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇതിനായി ഓരോ വിപണിയുടെയും പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കി ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ അവരുടെ ഉല്പന്നങ്ങൾ വിപണിയിൽ വച്ച് ലേലം നടത്തിവരുന്നുണ്ട്. കർഷകർ കൊണ്ടുവരുന്ന ഉല്പന്നങ്ങൾക്ക് ട്രാൻസ്പോർട്ടിംഗ് സബ്സിഡി നൽകുകയും ഉല്പന്നങ്ങൾ തരംതിരിച്ച് ഗുണ നിലവാരത്തിനനുസൃതമായി അടിസ്ഥാന വില നിശ്ചയിക്കുകയും ചെയ്യുന്നു. അങ്ങനെ ഇടത്തട്ടുകാരുടെ ചൂഷണം പരമാവധി ഒഴിവാക്കി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നു. ഇതിനുപുറമെ ഹോർട്ടിക്കോർപ്പ്, വി.എഫ്.പി.സി.കെ എന്നീ ഏജൻസികൾ കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറികളും പഴങ്ങളും സംഭരിച്ച് സംസ്ഥാനത്തുടനീളമുള്ള ചില്ലറ വില്പന ശാലകൾ വഴി ന്യായവിലക്ക് വിപണനം നടത്തുന്നു.

പച്ചക്കറികളുടെ ഗുണ നിലവാര പരിശോധനക്കായി കീടനാശിനിയുടെ അവശിഷ്ടത്തിന്റെ അളവ് കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ റസിഡ്യൂ അനലിസിസ് ലാബിൽ പരിശോധിച്ച് അവ ഭക്ഷ്യ സുരക്ഷിതമാണെന്ന് ഉറപ്പാക്കുന്നതിനായി ' Safe to eat ' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

കൂടാതെ വി.എഫ്.പി.സി.കെ ഇപ്പോൾ നിലവിലുള്ള 48 ചില്ലറ വില്പനശാലകൾക്ക് പുറമെ 41 ചില്ലറ വില്പനശാലകൾകൂടി വിവിധ പദ്ധതികളിലായി ഉടൻതന്നെ ആരംഭിക്കുന്നതാണ്. 7 മുതൽ 8 ടൺ വരെ ഉൽപന്നങ്ങൾ

സൂക്ഷിക്കാവുന്ന നാല് ചെറുകിട കൂൾ ചേമ്പറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വി.എഫ്.പി.സി.കെ മുഖാന്തിരം പുരോഗമിച്ചു വരുന്നു. ഗുണനിലവാരമുള്ള പച്ചക്കറികളുടെ ഉല്പാദനം ഉറപ്പാക്കുന്നതിനായി PGS (Participatory Guarantee System) രീതിയിലുള്ള ജൈവപച്ചക്കറി ഉല്പാദനത്തിനുള്ള പദ്ധതികൾ 2013–14 സാമ്പത്തിക വർഷം കൗൺസിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്.

പച്ചക്കറിയുടെ സംഭരണവും വിപണനവും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹോർട്ടിക്കോർപ്പ് സംഭരണ കേന്ദ്രങ്ങൾ ഇല്ലാത്ത ജില്ലകളിൽ ഈ വർഷം തന്നെ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുടുതൽ പ്രദേശങ്ങളിൽ സംഭരണ വിതരണ പ്രവർത്തികൾ വ്യാപിപ്പിക്കുന്നതിന് താലൂക്ക് അടിസ്ഥാനത്തിൽ സാറ്റ്ലൈറ്റ് സംഭരണ കേന്ദ്രങ്ങൾ തുടങ്ങാൻ നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനു പുറമെ കൃഷി വകുപ്പിന്റെയോ, വി.എഫ്.പി.സി.കെ യുടെയോ വിപണന കേന്ദ്രങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ വി.എഫ്,പി.സി.കെ മോഡലിൽ കർഷകരെ ഉൾപ്പെടുത്തി ചന്തകൾ തുടങ്ങുന്നതിന് ഹോർട്ടിക്കോർപ്പ് തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംഭരണ വിപണന പ്രക്രിയകൾ ശാക്തീകരിക്കുന്നതോടൊപ്പം ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി കൃഷിയിടങ്ങളിൽ നിന്നും സാമ്പിളുകൾ കേരളാ കാർഷിക സർവ്വകലാശാലയുടെ അക്രഡിറ്റഡ് റസിഡ്യു അനാലിസിസ് ലാബിൽ പരിശോധിച്ച് സുരക്ഷിതമായ പച്ചക്കറിയാണെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇത്തരത്തിൽ സുരക്ഷിതമായ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്ന കർഷകരിൽ നിന്നും മാർക്കറ്റ് വിലയേക്കാൾ 15% കൂടുതൽ നൽകി ഇവ സംഭരിക്കുന്നതിനും ഈ ഉൽപ്പന്നങ്ങൾ പ്രത്യേക ബ്രാന്റായി (അമൃത്) വിൽക്കുന്നതിനുമുള്ള നടപടികൾ ഹോർട്ടിക്കോർപ്പ് തുടങ്ങിക്കഴിഞ്ഞു.

[signature]

**സെക്ഷൻ ഓഫീസർ**